മാതൃഭൂമി 23 April 2024

# മഞ്ഞപ്പാരയുടെ വിത്തുത്പാദനത്തിൽ നേട്ടവുമായി സി.എം.എഫ്.ആർ.ഐ.



50 ദിവസം പ്രായമായ മഞ്ഞപ്പാരയുടെ ചെറിയ കുഞ്ഞുങ്ങൾ

**കൊച്ചി** ▸ മഞ്ഞപ്പാര (ഗോൾഡൻ ട്രെവാലി) മത്സ്യത്തിന്റെ കൃത്രിമ വിത്തുത്പാദനത്തിൽ വിജയം വരിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.).

സി.എം.എഫ്.ആർ.ഐ.യുടെ വിശാഖപട്ടണം റീജണൽ സെന്ററിലെ സീനിയർ സയന്റിസ്റ്റ് ഡോ. റിതേഷ് രഞ്ജന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് നേട്ടത്തിനു പിന്നിൽ. ഭക്ഷണമായും അലങ്കാര മത്സ്യമായും ഉപയോഗിക്കുന്ന ഉയർന്ന വിപണിമൂല്യമുള്ള മത്സ്യമാണ് മഞ്ഞപ്പാര. കടലിൽ ലഭ്യത കുറയുന്ന സാഹചര്യത്തിൽ കൃഷിയിലൂടെ സമുദ്രമത്സ്യോത്പാദനം കൂട്ടാൻ സഹായിക്കുന്നതാണ് ഈ നേട്ടം.